പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4094 — 16.05.2017-ലെ മറുപടിക്ക്

## <u>കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സി. എൻ. ജി. ഉപയോഗം</u>

<u>ചോദ്യം</u>
ശ്രീ.സി.കൃഷ്ണൻ

<u>ഉത്തരം</u>
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | |
|---|---|
| കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നത് നിലവിലുള്ള രീതിയെക്കാൾ ലാഭകരമാകുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; ഇത് തെളിയിക്കാൻ ആവശ്യമായ പഠന റിപ്പോർട്ടുകൾ ഉണ്ടോ; വിശദമാക്കുമോ? | ഇതു സംബന്ധിച്ച് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർ പഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. സി.എൻ.ജി. ബസ്സിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചിലവ് കുറക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. സി.എൻ.ജി. ലഭ്യമായി വാഹനങ്ങൾ ഓടിച്ചതിനു ശേഷമേ ഒരു താരതമ്യപഠനം നടത്തുവാൻ കഴിയൂ. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗ ക്ഷമത നിരീക്ഷിക്കുന്നതിനായി രണ്ട് സി.എൻ.ജി ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. അതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ